4

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3851. 21-10-2016 ൽ മറുപടിയ്ക്ക്

## ആത്മ കേരളയുടെ പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് ആത്മ (Agriculture Technology Management Agency) കേരളയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവിട്ടിട്ടുണ്ടെന്ന വിവരം പദ്ധതി തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വാർഷിക വിവരങ്ങൾ സഹിതം അറിയിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് ആത്മ (Agriculture Technology Management Agency) കേരളയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവായ തുക ജില്ല അടിസ്ഥാന ത്തിൽ പദ്ധതി ഘടകങ്ങൾ തിരിച്ച് അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | എത്ര തുക സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടായിരുന്നുവെന്നുള്ള വിവരം പദ്ധതി തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ? | (ബി) | ആത്മ പദ്ധതിക്ക് 2014-15 വരെ 90:10 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരു കളുടെ വിഹിതമായി പദ്ധതി തുക അനുവദിച്ചിരുന്നത്. 2015-16 മുതൽ 60:40 എന്ന രീതിയിലാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ടിനൊപ്പം സംസ്ഥാന വിഹിതമായ 40% തുക കൂടി ഉൾപ്പെടുത്തിയാണ് ഫണ്ട് അനുവദിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന ഫണ്ട് ജില്ലകൾക്ക് നൽകുമ്പോൾ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ എന്ന രീതിയിൽ വേർ തിരിച്ച് നൽകാറില്ല. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. മൊത്തം ഫണ്ട് 14 ജില്ലകൾക്കും സമേതിക്കുമായി വീതിച്ചു നൽകാറാണുപതിവ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

AO
സെക്ഷൻ ഓഫീസർ